MB; 12|12|'18

# കമുകുകളിലെ അജ്ഞാതരോഗം; കാർഷിക ശാസ്ത്രജ്ഞർ പരിശോധന നടത്തി

**രാജപുരം**▸ രോഗം പഠിക്കാൻ കാർഷിക ശാസ്ത്രജ്ഞരും കൃഷി വകുപ്പ് അധികൃതരുമെത്തി. അതിർത്തിഗ്രാമങ്ങളിലെ കമുക് കർഷകർക്ക് പ്രതീക്ഷ. അജ്ഞാതരോഗം ബാധിച്ച് നൂറുകണക്കിന് കമുകുകൾ നശിച്ച പാണത്തൂർ കല്ലപ്പള്ളിയിലെ തോട്ടങ്ങളാണ് കാസർകോട് സി.പി.സി.ആർ.ഐ.യിലെ കാർഷിക ശാസ്ത്രജ്ഞരും കൃഷി വകുപ്പ് അധികൃതരും സന്ദർശിച്ചത്. അടയ്ക്ക കർഷകരെ ദുരിതത്തിലാഴ്ത്തി സംസ്ഥാന അതിർത്തിയിലെ കമുകിൻ തോട്ടങ്ങളെ ബാധിച്ച അജ്ഞാതരോഗത്തെക്കുറിച്ച് മാതൃഭൂമി വാർത്തയാക്കിയിരുന്നു. തുടർന്നാണ് സി.പി.സി.ആർ.ഐ.യിലെ സസ്യരോഗ വിഭാഗം തലവൻ ഡോ. വിനായക ഹെഗ്ഡേ, രോഗ കീടനാശിനി വിഭാഗം ചീഫ് ടെക്നിക്കൽ ഓഫീസർ രവീന്ദ്രൻ പാട്ടാളി, കൃഷി വകുപ്പ് പരപ്പ ബ്ലോക്ക് അസി. ഡയറക്ടർ ജി.എസ്.സിന്ധുകുമാരി എന്നിവരുടെ നേതൃത്വത്തിലാണ് വിദഗ്ധസംഘം തോട്ടങ്ങൾ സന്ദർശിച്ചത്.

കല്ലപ്പള്ളി അരുണകുഞ്ജ വീട്ടിൽ ഹരിപ്രസാദ്, സഹോദരൻ ശിവറാം, പന്നിപ്പാറയിലെ ലോലാക്ഷൻ, ശ്രീലതാ വിശ്വനാഥ തുടങ്ങിയവരുടെ തോട്ടങ്ങൾ സംഘം സന്ദർശിച്ചു.

രോഗംബാധിച്ച കമുകിൻെറ ഭാഗങ്ങൾ, മണ്ണ്, രോഗംബാധിച്ച് പൊഴിഞ്ഞുവീണ അടയ്ക്ക തുടങ്ങിയവ ശേഖരിച്ചു. പരിശോധനയ്ക്കുശേഷം രണ്ട് ദിവസത്തിനകം കൃഷി വകുപ്പിന് വിവരങ്ങൾ കൈമാറുമെന്ന് ഡോ. വിനായക ഹെഗ്ഡേ പറഞ്ഞു. ഒരുവർഷത്തിനിടെയാണ് പ്രദേശത്തെ കമുകുകളിൽ അജ്ഞാതരോഗം കണ്ടുതുടങ്ങിയത്.

**കമുകിനും തെങ്ങിനും അജ്ഞാതരോഗം; പ്രതിവിധിയെന്തെന്നറിയാതെ കർഷകർ**





▶ പാണത്തൂർ കല്ലപ്പള്ളിയിലെ കമുകുകളിൽ കണ്ടുവരുന്ന അജ്ഞാതരോഗത്തെക്കുറിച്ച് പഠിക്കാൻ കാർഷിക ശാസ്ത്രജ്ഞരും കൃഷി വകുപ്പ് അധികൃതരുമെത്തിയപ്പോൾ